2. നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

മരുന്ന് ഒഴിച്ചുള്ള അവശ്യസാധനസാമഗ്രികൾ വാങ്ങുന്നതിന് നിലവിലുള്ള സംവിധാനം

1 (1718) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. വി. കെ. ഇബ്രഹിംകുഞ്ഞ് :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ വകുപ്പിന് കീഴിലെ ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ തുടങ്ങിയവയിൽ മരുന്ന് ഒഴിച്ചുള്ള അവശ്യസാധനസാമഗ്രികൾ വാങ്ങുന്നതിന് ഇന്ന് നിലവിലുള്ള സംവിധാനം എന്താണെന്ന് വിശദമാക്കുമോ ;

(ബി) ഇവയുടെ പർച്ചേസിനും വിതരണത്തിനും ജില്ലാടിസ്ഥാനത്തിൽ കേന്ദ്രീകൃത സംവിധാനമെന്തെങ്കിലും നിലവിലുണ്ടോ ; ഇല്ലെങ്കിൽ അത്തരമൊരു സംവിധാനം ഉണ്ടാകാതിരിക്കാനുള്ള കാരണം വിശദമാക്കുമോ ;

(സി) മരുന്നൊഴികെയുള്ള അവശ്യസാധനങ്ങൾ വാങ്ങുന്നത് സംബന്ധിച്ച് 16-2-1996-ൽ പുറപ്പെടുവിച്ച ജി.ഒ. (എംഎസ്.) നമ്പർ 69/എച്ച് & എഫ്.ഡബ്ല്യു.ഡി. നമ്പർ ഉത്തരവ് നിലവിലുണ്ടോ ; എങ്കിൽ റണ്ണിംഗ് കോൺട്രാക്ട് അടിസ്ഥാനത്തിൽ ഇവ വാങ്ങി വിതരണം നടത്താതിരിക്കാനുള്ള കാരണം വിശദമാക്കുമോ ;

(ഡി) മരുന്നൊഴികെയുള്ള ആശുപത്രി സാധനസാമഗ്രികളും അത്യാവശ്യലഘു ഉപകരണങ്ങളും വാങ്ങുന്നതിനായി പ്രതിവർഷം ആകെ എന്ത് തുകയാണ് ചെലവഴിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആരോഗ്യവകുപ്പിനു കീഴിലുള്ള ജില്ലാ ആശുപത്രികൾക്കും താലൂക്ക് ആശുപത്രികൾക്കും ആവശ്യമായ പ്രധാന ഉപകരണങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിലൂടെയും ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലൂടെയുമാണ് വാങ്ങിനല്കുന്നത്.

(ബി) ജില്ലാടിസ്ഥാനത്തിൽ കേന്ദ്രീകൃത സംവിധാനങ്ങൾ നടപ്പിലാക്കുന്നകാര്യം ഉപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനും ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്വഴിയുമാണ് നിലവിൽ ആശുപത്രികളിലേക്കുള്ള അവശ്യ സാധനങ്ങൾ വാങ്ങിനൽകുന്നത്. പ്രസ്തുത സംവിധാനം വളരെ കാര്യക്ഷമമായിട്ടാണ് പ്രവർത്തിച്ചുവരുന്നത്. കൂടാതെ അവശ്യ സന്ദർഭങ്ങളിൽ ആശുപത്രി മാനേജ്മെന്റ് സമിതിവഴിയും അവശ്യ സാധനങ്ങൾ വാങ്ങുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) **മെറ്റീരിയൽസ് അന്റ് സപ്ലൈസ് സബ് ഹെഡിൽ 2009-10 സാമ്പത്തിക** വർഷം പദ്ധതിയേതര ശീർഷകത്തിൽ ചെലവാക്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു :

2210-01-110-99-24 എം & എസ് - 3,62,30,265.00

2210-01-110-85-24 എം & എസ് - 82,09,398.00

2210-01-110-84-24 എം & എസ് - 56,44,475.00

2210-01-110-83-24 എം & എസ് - 81,52,202.00

2210-03-113-99-24 എം & എസ് - 11,56,161.00

2210-03-110-99-24 എം & എസ് - 1,44,47,777.00

ടെണ്ടർ നടപടികൾ സുതാര്യവും കുറ്റമറ്റതുമാക്കാനും നടപടി

2 (1719) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ആശുപത്രികളിലേക്കും മെഡിക്കൽ കോളേജുകളിലേക്കുമുള്ള മരുന്നും ഉപകരണങ്ങളും വാങ്ങാൻ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ഇപ്പോൾ ടെണ്ടർ ക്ഷണിച്ചിട്ടുണ്ടോ ; എങ്കിൽ ടെണ്ടർ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) എത്ര കോടി രൂപയുടെ മരുന്നാണ് വാങ്ങാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) നേരത്തെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയ ചില കമ്പനികളെ ഇത്തവണ ടെണ്ടറിൽ ഉൾപ്പെടുത്തുന്നുണ്ടോ ;

(ഡി) ടെണ്ടറിൽ പങ്കെടുക്കണമെങ്കിൽ 20 കോടി രൂപയിൽ കുറയാത്ത വിറ്റുവരവ് വേണമെന്ന പുതിയ നിബന്ധനയുണ്ടോ ;

(ഇ) ഇതുകാരണം നിലവിൽ മരുന്നു നൽകിയിരുന്ന ചില കമ്പനികൾ ഇത്തവണ ടെണ്ടറിൽ നിന്ന് പുറത്താകുന്ന സാഹചര്യമുണ്ടോ ;

(എഫ്) ടെണ്ടർ നടപടികൾ സുതാര്യവും കുറ്റമറ്റതുമാക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളും ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) നടപ്പ് സാമ്പത്തിക വർഷത്തിലെ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ആരോഗ്യ വകുപ്പിന്റെ പ്ലാൻ സ്കീമുകൾ, ഫ്ളാഗ് ഷിപ്പ് പ്രോഗ്രാം, സുനാമി പുനരധിവാസ പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉപകരണങ്ങൾക്ക് വേണ്ടിയുള്ള ടെണ്ടറുകൾ 20-11-2012 വർഷത്തിൽ സർക്കാർ ആശുപത്രികൾക്ക് വേണ്ടിവരുന്ന അവശ്യ മരുന്നുകൾക്കും ചികിത്സാ സാമഗ്രികൾക്കും വേണ്ടിയുള്ള ടെണ്ടറുകളും കെ.എം.എസ്.സി.എൽ. ക്ഷണിച്ചിട്ടുണ്ട്. ഈ ടെണ്ടറുകൾ

LIBRARY ARCHIVES Kerala Legislative Assembly